**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 899** **29-08-2022 - ൽ മറുപടിയ്ക്ക്**

**ആനപ്രതിരോധ മതിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ആറളം ഫാം പുനരധിവാസ മേഖലയിലെ രൂക്ഷമായ ആന ശല്യം തടയുന്നതിന് ആനപ്രതിരോധ മതിൽ നിർമ്മിക്കുന്നതിനായി പട്ടികവർഗ്ഗ വകുപ്പ് 22 കോടി രൂപ അനുവദിച്ചതിന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ; | (എ) | ആറളം പുനരധിവാസ മേഖലയിൽ 22 കോടി രൂപ ചെലവിൽ ആനപ്രതിരോധ മതിൽ PWD മുഖേന നിർമ്മിക്കുന്നതിന് 08.09.2021-ലെ സ.ഉ(സാധാ) നം.789/2021/പ.ജ.പവ.വിവ പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 17.03.2022-ലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ എ1-12295/21 നമ്പർ ഉത്തരവ് പ്രകാരം 11 കോടി രൂപ പൊതുമരാമത്ത് കെട്ടിട വിഭാഗം, തലശ്ശേരി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഭരണാനുമതി ലഭിച്ച് രണ്ടുവർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആന പ്രതിരോധ മതിൽ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | ആറളം പുനരധിവാസ മേഖലയിൽ പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാരെ വന്യമൃഗശല്യത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി ആന പ്രതിരോധ മതിൽ നിർമ്മിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച 22 കോടി രൂപയുടെ എസ്റ്റിമേറ്റിന് 28.03.2020-ലെ സ.ഉ(സാധാ) നം.390/2020/പജപവവിവ പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി അറിയിച്ചതിനാൽ ടി പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 08.09.2021-ലെ സ.ഉ(സാധാ) നം.789/2021/പജപവവിവ പ്രകാരം പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് ടി പ്രവൃത്തി ചെയ്യിപ്പിക്കുവാനും, അടങ്കൽ തുകയുടെ 50% ആദ്യഗഡുവായി പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുവാനും ഉത്തരവായിരുന്നു. ആയതു പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 11 കോടി രൂപ പൊതുമരാമത്ത് കെട്ടിട വിഭാഗം, |

| | | | |
|---|---|---|---|
| | | | തലശ്ശേരി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ, ആറളം ഫാമിൽ കാട്ടാനയുടെ ആക്രമണങ്ങളെ പ്രതിരോധിക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച വിദഗ്ധ സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ പ്രതിരോധ മതിൽ നിർമ്മിക്കുന്നതിനോടൊപ്പം ഹാംഗിഗ് സോളാർ പവർ ഫെൻസിംഗ്, ട്രെഞ്ചിംഗ് തുടങ്ങിയ സംവിധാനങ്ങൾ കൂടി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ